"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം- വായ്പൂർ N.S.S.H.S.-ലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. റിനു എം. റോയി അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 23.03.2024 മുതൽ 04.05.2025 വരെയുള്ള ശൂന്യവേതനാവധിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2570/2026/GEDN തീയതി,തിരുവനന്തപുരം, 08-04-2026

---

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.09.2025, 06.04.2026 എന്നീ തീയതികളിലെ ഇറ്റി3/19736/25/ഡിജിഇ നമ്പർ കത്തുകൾ

**ഉത്തരവ്**

വായ്പൂർ N.S.S.H.S.-ലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. റിനു എം. റോയി 23.03.2024 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനെ തുടർന്ന് ടിയാനെതിരെ മാനേജർ ചട്ടപ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാൻ സമർപ്പിച്ച വിശദീകരണം കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി "മേലിൽ ഇത്തരത്തിലുള്ള കുറ്റം ആവർത്തിക്കരുത്" എന്ന കർശന താക്കീത് നൽകി, ചട്ട പ്രകാരമുള്ള ശിക്ഷ ഒഴിവാക്കി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 23.03.2024 മുതൽ 04.05.2025 വരെയുള്ള കാലയളവ് കെ.എസ്.ആർ. പാർട്ട്-I, ചട്ടം 88 പ്രകാരമുള്ള ശൂന്യവേതന അവധിയായി ക്രമീകരിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും പരാമർശം പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകൻ ടി കാലയളവിൽ വിദേശത്ത് പോകുകയോ മറ്റ് ജോലികളിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ലായെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. റിനു എം. റോയിയുടെ 23.03.2024 മുതൽ 04.05.2025 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

ശ്രീ. റിനു എം. റോയി, ഓഫീസ് അറ്റൻഡന്റ്, എൻ.എസ്.എസ്. എച്ച്.എസ്., വായ്പൂർ
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
ധനകാര്യവകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 13-04-2026 16:31:44

പകർപ്പ്:-
ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ വകുപ്പ സെക്രട്ടറിയുടെ സി.എ.യ്ക്ക്